**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5961 07/07/2014-ൽ മറുപടിയ്ക്ക്

# കേരള വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും** അച്ചടിയും സ്റ്റേഷനറിയും **വകുപ്പു മന്ത്രി)** |
| എ) വി.എഫ്.പി.സി.കെ. യിലെ ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | എ) നേരിട്ടുള്ള നിയമനം, പ്രമോഷൻ വഴിയുള്ള നിയമനം, ഡെപ്യൂട്ടേഷൻ വഴിയുള്ള നിയമനം എന്നിങ്ങനെയാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നിയമനങ്ങൾ നടത്തുന്നത്. നേരിട്ടുള്ള നിയമനത്തിന് അപേക്ഷകൾ ക്ഷണിച്ച് യോഗ്യതയുള്ള അപേക്ഷകരെ എഴുത്ത് പരീക്ഷയും ഇന്റർവ്യൂവും നടത്തിയാണ് തെരഞ്ഞെടുക്കുന്നത്. നിയമ പ്രകാരമുള്ള സംവരണവും നൽകുന്നുണ്ട്.<br>പ്രൊമോഷൻ വഴിയുള്ള നിയമനത്തിന് അസെസ്സ്മെന്റ് കമ്മിറ്റി രൂപീകരിച്ച് കമ്മിറ്റിയുടെ ശുപാർശ പ്രകാരം നിയമനം നൽകുകയാണ് ചെയ്യുന്നത്.<br>ഡെപ്യൂട്ടേഷൻ നിയമനം, പത്രപരസ്യം, അഭിമുഖം എന്നിവ വഴിയും, മറ്റ് തസ്തികകൾക്ക് അതാത് വകുപ്പുകളിലെ അനുമതി പ്രകാരവുമാണ് നിയമനത്തിന് തെരഞ്ഞെടുക്കുന്നത്. |
| ബി) വി.എഫ്.പി.സി.കെ. യിലെ അനധികൃത നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഇല്ല. |
| സി) ദിവസ വേതനക്കാരായി നിയമിച്ചവരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ ആക്കി ഉത്തരവ് ഇറക്കിയിട്ടുണ്ടോ; | സി) വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ഡി) മാനദണ്ഡ പ്രകാരമുള്ള യോഗ്യതകൾ ഉള്ള വരെ ആണോ നിയമിച്ചിട്ടുള്ളത് എന്നു പരിശോധിക്കുമോ; | ഡി) മാനദണ്ഡ പ്രകാരമുള്ള യോഗ്യതകൾ ഉള്ളവരെയാണ് നിയമിച്ചിട്ടുള്ളത്. |
| ഇ) അനധികൃത നിയമനങ്ങൾ ഒഴിവാക്കാനും മാനദണ്ഡങ്ങൾ പാലിക്കാതെ നിയമിച്ച വരെ പിരിച്ചുവിടാനും തുടർന്നുള്ള നിയമനങ്ങൾ ക്രമ പ്രകാരമാക്കാനും നടപടി സ്വീകരിക്കുമോ? | ഇ) ചോദ്യം ഉദിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**